അലനല്ലൂർ ആയുർവ്വേദ ഡിസ്പെൻസറിയിൽ ചികിൽസിക്കപ്പെട്ട രോഗികൾ

486 [880] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിലെ അലനല്ലൂർ ആയുർവ്വേദ ഡിസ്പെൻസറിയിൽ ഇക്കഴിഞ്ഞ മൂന്നു മാസങ്ങളിൽ എത്ര രോഗികൾ ചികിൽസക്കായി എത്തി;

(ബി) ഇവിടെ ഒരു കാർട്ടറിൽ എത്ര രൂപയുടെ മരുന്നാണ് അനുവദിച്ചിരിക്കുന്നത്;

(സി) രോഗികളുടെ എണ്ണമനുസരിച്ച് ആവശ്യമായ മരുന്നുകൾ കൂടുതൽ വിതരണം ചെയ്യാൻ വേണ്ട നടപടികൾ എടുക്കുമോ?

ഉത്തരം

(എ) 9708 പേർ.

(ബി) കഴിഞ്ഞ കാർട്ടറിൽ 2486 രൂപ 91 പൈസയുടെ മരുന്ന് അനുവദിച്ചിരുന്നു.

(സി) ഇപ്പോൾതന്നെ ഇതിനുവേണ്ട നടപടികൾ എടുത്തു വരുന്നുണ്ട്.

അന്നശ്ശേരി ആയുർവ്വേദ ഡിസ്പെൻസറി

487 [881] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട തലക്കുളത്തൂർ പഞ്ചായത്തിലെ അന്നശ്ശേരി ആയുർവ്വേദ ഡിസ്പെൻസറിക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം നിർണ്ണയിച്ചു കഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അന്നശ്ശേരി ആയുർവ്വേദ ഡിസ്പെൻസറി എന്നൊരു സ്ഥാപനം ഇല്ല എന്നാൽ തലക്കുളത്തൂർ പഞ്ചായത്തിൽ അണ്ടിക്കോട് എന്ന സ്ഥലത്ത് വാടകക്കെട്ടിടത്തിൽ ഒരു ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി ഒരു കെട്ടിടം പണിയുന്നതിന് സ്ഥലം നിർണ്ണയിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly